പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3891

11/11/2019 ൽ മറുപടി നല്കേണ്ടത്.

## ഞാറക്കൽ സർക്കാർ ആശുപത്രിക്ക് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ജിഡ ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ; | എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ജിഡയുടെ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് പഴയതും, അപകടാവസ്ഥയിലുള്ളതും ഉപയോഗശൂന്യവുമായ ഫീമെയിൽ വാർഡ് സ്ഥിതി ചെയ്യുന്നുണ്ട്. ടി കെട്ടിടം പൊളിച്ചുനീക്കിയാൽ മാത്രമെ പുതിയ കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ. |
| ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് മുന്നോടിയായി പഴയ കെട്ടിടം പൊളിച്ച് നീക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;<br>സി) ഇതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ; വ്യക്തമാക്കാമോ; | ബി) യും സി) യും ഡി) യും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ടി കെട്ടിടം നിർമ്മിക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഉപയോഗശൂന്യമായ കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള അനുമതി ജി.ഒ (ആർ. റ്റി) നം. 1140/19/ആകുവ തീയതി 17.05.19 പ്രകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ , ടി കെട്ടിടം പൊളിച്ചുനീക്കുന്നതിന് 4 പ്രാവശ്യം ടെണ്ടർ വിളിച്ചിരുന്നു, എന്നാൽ ടെണ്ടറുകളിലെല്ലാം തന്നെ കെട്ടിടത്തിന്റെ മതിപ്പുവിലയേക്കാൾ കുറഞ്ഞ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| ഡി) പൊളിച്ചുനീക്കൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ